പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 699 07.01.2014 ൽ മറുപടിക്ക്

## ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ .കെ. അച്ചുതൻ<br>ശ്രീ .വി.റ്റി. ബൽറാം<br>ശ്രീ .കെ.ശിവദാസൻ നായർ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ഇഡിസ്ട്രിക്ട് പദ്ധതിയിലൂടെ നല്കിവരുന്ന സംസ്ഥാന സർക്കാർ സേവനങ്ങൾ ഇന്റർ നെറ്റ് വഴി കേരളത്തിന് വെളിയിൽ താമസിക്കുന്ന മലയാളികൾക്ക് കൂടി ലഭ്യമാക്കുക എന്നതാണ് ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലിൻെറ ഉദ്ദേശ്യ ലക്ഷ്യം. |
| (സി) സർക്കാർ സേവനങ്ങൾ നേരിട്ട് ഓൺ ലൈനിലൂടെ ലഭിക്കാൻ എന്തെല്ലാം സംവിധാനമാണ് ഇതിൽ ഒരുക്കിയിരിക്കുന്നത്; | (സി) & (ഡി) | ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടലായ www.edistrict.kerala.gov.in മുഖേന ഒറ്റത്തവണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ വിജയകരമായി പൂർത്തിയാക്കുന്ന |

ഡി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കാമോ ?

ഏതൊരാൾക്കും പോർട്ടലിൽ ലഭ്യമായ സേവനങ്ങൾ ഉപയോഗിക്കാവുന്നതാണ്. ഇ-ഡിസ്ട്രിക്ട് പബ്ലിക് പോർട്ടൽ വഴി ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നല്കി വരുന്ന റവന്യൂ വകുപ്പിന്റെ സേവനങ്ങൾ.

2. വിവരാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ, ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതിയുമായി ബന്ധപ്പെട്ട സേവനങ്ങൾ (Public Grievance Services) തുടങ്ങിയവ.

3. ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ ലഭ്യമായ സേവനങ്ങൾ (വൈദ്യുതി ബിൽ, വെള്ളക്കരം, ബി.എസ്.എൻ.എൽ ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ എന്നിവ ഓൺ ലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം).

സെക്ഷൻ ഓഫീസർ